**ഇൻഫർമേഷൻ കേരള മിഷൻ**

**ടി.സി.25/3264 (1), സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ**

**തിരുവനന്തപുരം - 695 003**

**എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടി ക്രമം**

**സംഗ്രഹം**

ഇൻഫർമേഷൻ കേരള മിഷൻ - ജീവനക്കാര്യം - ശ്രീ സിനീഷ് പി ജി - ടെക്നിക്കൽ ഓഫീസർ ഗ്രേഡ് II - ജോലിയിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഹ്യൂമൻ റിസോഴ്സ് (എസ്റ്റാബ്ലിഷ്മെന്റ്) ഡിവിഷൻ**

**നം. 582/ഇ2/2021/ഐകെഎം** **തിരുവനന്തപുരം, തീയതി 13/10/2021**

---

പരാമർശം :-

1. ഈ ഓഫീസിലെ 03/05/2021 ലെ നം.974/ഇ2/2021/ ഐകെഎം നമ്പർ കുറ്റാരോപണ മെമ്മോ.
2. 27/06/2021 തീയതിയിലെ ശ്രീ സിനീഷ് പി ജി - ഇ മെയിൽ സന്ദേശം.
3. ഈ ഓഫീസിലെ 24/07/2021 ലെ 1040/ഇ2/2021/ ഐകെഎം നമ്പർ കത്ത്.
4. 17/09/2021 ലെ ഐകെഎമ്മിന്റെ 23-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അജണ്ട നം.6 ലെ തീരുമാനം.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിലെ ടെക്നിക്കൽ ഓഫീസർ ഗ്രേഡ് II ആയി ജോലി നോക്കിയിരുന്ന ശ്രീ സിനീഷ് പി ജി 05/04/2021 മുതൽ 17/04/2021 വരെ 10 ദിവസത്തെ യാദൃശ്ചിക അവധിയിൽ പ്രവേശിക്കുകയും അവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുകയോ തുടർന്നുള്ള അവധിക്ക് അപേക്ഷ സമർപ്പിക്കുകയോ ചെയ്യാത്തതിനാൽ കേരള സർവ്വീസ് ചട്ടങ്ങളും പെരുമാറ്റ ചട്ടവും അനുസരിച്ച് പരാമർശം (1) പ്രകാരം ടിയാന് കുറ്റാരോപണ മെമ്മോ നൽകുകയുണ്ടായി. തുടർന്ന് ഐകെഎം സർവ്വീസിൽ തുടരുവാൻ താൽപര്യമില്ലായെന്നും സർവ്വീസിൽ നിന്നും വിടുതൽ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം ഇ മെയിൽ സന്ദേശം ലഭിച്ചിരുന്നു

ആയതുപ്രകാരം പ്രസ്തുത ജീവനക്കാരന്റെ സർവ്വീസ് രേഖകൾ പരിശോധിച്ചതിൽ ഏപ്രിൽ മാസത്തെ ശമ്പള ഇനത്തിൽ (18.04.2021 മുതൽ 30.04.2021 വരെ) 13887/- രൂപ (പതിമൂന്നായിരത്തി എണ്ണൂറ്റി എൺപത്തിയേഴ് രൂപ മാത്രം) ടിയാൻ അധികമായി കൈപറ്റിയതായി കാണുകയും പ്രസ്തുത തുക ഐകെഎം അക്കൌണ്ട്സ് വിഭാഗത്തിൽ അടിയന്തിരമായി ഒടുക്കേണ്ടതാണെന്നും. കൂടാതെ ഔദ്യോഗിക ആവശ്യത്തിനായി ടിയാന് നൽകിയിരുന്ന ലാപ്ടോപ്പും അനുബന്ധ സാധനങ്ങളും തിരികെ എൽപ്പിക്കേണ്ടതാണെന്നും

കാണിച്ച് പരാമർശം (3) പ്രകാരം അറിയിപ്പ് നൽകിയിരുന്നു. എന്നാൽ ശ്രീ സിനീഷ് പി ജി പ്രസ്തുത അറിയിപ്പ് കൈപറ്റുകയോ, ഫോൺ വിളിച്ചാൽ എടുക്കാറോ ഇല്ലായിരുന്നു. ഇത് ഒരു ജീവനക്കാരൻ/ജീവനക്കാരി തന്നിൽ നിക്ഷിപ്തമായിട്ടുള്ള അച്ചടക്കം, ഉത്തരവാദിത്തബോധം, കൃത്യനിഷ്ഠ, നിയമങ്ങളും കീഴ്വഴക്കങ്ങളും അനുസരിക്കുക തുടങ്ങിയവയുടെ ലംഘനവുമാണിത്. ആയതിനാൽ പരാമർശം (4) ലെ ഐകെഎം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അജണ്ട നം.6 ലെ തീരുമാനപ്രകാരം ശ്രീ സിനീഷ് പി ജി - യെ 18/04/2021 പൂർവ്വാഹ്നം പ്രാബല്യത്തിൽ ഐകെഎം സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവാകുന്നു. 18/04/2021 മുതൽ ശ്രീ സിനീഷ് പി ജി - ക്ക് ഇൻഫർമേഷൻ കേരള മിഷനിൽ യാതൊരു അവകാശമോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കുന്നതല്ല.

കൂടാതെ അക്കൗണ്ട്സ് വിഭാഗത്തിൽ നിന്നും ശമ്പളയിനത്തിൽ അധികമായി കൈപറ്റിയ തുകയിൽ തിരികെ അടക്കുവാനുള്ള 13,887/- രൂപയും, ഐകെഎമ്മിൽ നിന്നും ഔദ്യോഗിക ആവശ്യത്തിനായി കൈപറ്റിയിട്ടുള്ള ലാപ്ടോപ്പ് (ACER Lap 120), ചാർജ്ജർ, മൗസ്, ലാപ്ടോപ്പ് ബാഗ് എന്നിവക്ക് ഐകെഎം പർച്ചേസ് ഡിവിഷനിലെ പ്രൊക്യൂർമെന്റ് വിഭാഗം നിശ്ചയിച്ച് നൽകിയ വിലയായ 38902/- (37406+1496(4%tax)) (മുപ്പത്തിയെണ്ണായിരത്തി തൊള്ളായിരത്തി രണ്ട് രൂപ മാത്രം) രൂപയും ചേർത്ത് ആകെ 52789/- രൂപ ടിയാന്റെ ഗ്രാറ്റുവിറ്റി, ഇപിഎഫ് അക്കൗണ്ട് എന്നിവയിൽ നിന്നും ഈടാക്കുകയോ, അല്ലാത്ത പക്ഷം റവന്യൂ റിക്കവറി ഉൾപ്പടെയുള്ള നടപടികളുമായി മുന്നോട്ട് പോവുകയോ ചെയ്യുന്നതാണ്.

സൈമ എസ്

കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ &
എക്സിക്യൂട്ടീവ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല

പകർപ്പ്

ശ്രീ സിനീഷ് പി ജി
അക്കൗണ്ട്സ് വിഭാഗം
എക്സിക്യൂട്ടീവ് ഡയറക്ടറുടെ സി.എ
കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷന്റെ സി എ
പേഴ്സണൽ ഫയൽ/ഓഫീസ് കോപ്പി